HON'BLE MR. C. KESAVAN: Yes. The matter is engaging the attention of Government.

ADJOURNMENT MOTIONS.

MR. PRESIDENT : ഇന്ന് മൂന്ന് അടിയന്തിരപ്രമേയങ്ങൾ ഇവിടെ കിട്ടിയിട്ടുണ്ട്. ഒന്നാമത്തേതു മി. പി. നാണുവിന്റേതാണ്. അടിയന്തിരപ്രമേയം ഇതാണ്:

അത്യാവശ്യവും പൊതു പ്രാധാന്യമുള്ളതുമായ ഇതിനടിയിൽ ചേർത്തിരിക്കുന്ന നിശ്ചയം ഹാജരാക്കി വാദപ്രതിവാദം നടത്താൻ അനുമതി നൽകണമെന്നപേക്ഷിക്കുന്നു.

"ആറുങ്ങലും അതിൽ തൊട്ടുകിടക്കുന്നതുമായ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട ഏഴു പകുതികളിലെ നെൽക്കരം നെല്ലായിട്ടോ, അല്ലാത്തപക്ഷം അതിന്റെ വില പറഞ്ഞുകൂടി മൂന്നുതവണ ക്രമത്തിനൊടുക്കാൻ അവിടത്തെ നിലമുടമസ്ഥന്മാരെ നിർബന്ധിതരാക്കുന്ന നടപടികൾ ചിറയിൻകീഴ് തഹശീൽദാർ ഉടൻ കൈക്കൊള്ളാൻ പോകുന്നുവെന്ന ഇന്നലെ വൈകുന്നേരം അറിവായിരിക്കുന്നു. അത്യാവശ്യവും പൊതുപ്രാധാന്യമുള്ളതും മുൻപറഞ്ഞ പകുതികളിലെ ജനങ്ങൾക്കു കഷ്ടനഷ്ടങ്ങൾക്കു കാരണമാകുന്നതുമായ ഈ വിഷയത്തെ സംബന്ധിച്ചു വാദപ്രതിവാദം നടത്താൻ ഈ സഭയുടെ നടപടികൾ മാറ്റിവയ്ക്കേണ്ടതാകുന്നു."

ഇതു സംബന്ധിച്ചു് എനിക്കു് പറയുവാനുള്ളതു് രൂപനുസരിച്ചു ഏതെങ്കിലും ഖണ്ഡിതമായ ഒരു സംഭവം നടന്നുകഴിഞ്ഞതിനെപ്പറ്റിമാത്രമേ അടിയന്തിരപ്രമേയം കൊണ്ടുവരാവൂ എന്നാണു്. രൂപം ൽ. ൨൭ം ഉപവകുപ്പിൽ "Not more than one matter can be discussed on the same motion, and the motion must be restricted to a specific matter of recent occurrence" എന്നു പറയുന്നു. ആ നിലയ്ക്കു് ഈ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന സംഗതി ഒരു അടിയന്തിരപ്രമേയമായി അവതരിപ്പിക്കുവാൻ നിയമം അനുവദിക്കുന്നില്ല അതിനാൽ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം ഞാൻ നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : ഇതേപ്പറ്റി പ്രസിഡൻറവർകൾ ഒരു തീരുമാനം ചെയ്യുന്നതിനു മുമ്പു് ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ച മെമ്പറിനു് ഇതു സംബന്ധിച്ചു് അഭിപ്രായം പറയുവാനുള്ള ഒരവസരം കൊടുക്കുന്നതു് നന്നായിരിക്കുകയില്ലേ.

MR. PRESIDENT : അതു് പ്രസിഡൻറിനു് യുക്തമെന്നു തോന്നിയാൽ മാത്രം മതി. സാധാരണ അടിയന്തിരപ്രമേയം കൊണ്ടുവരുന്നതിനു് അടിസ്ഥാനമായ കാര്യങ്ങളെപ്പറ്റി ഒരു വാദപ്രതിവാദം നടത്താൻ അവകാശമില്ല.

MR. P. NANOO : ഞാൻ പറഞ്ഞതു് ആ അവകാശത്തെപ്പറ്റി അല്ല. ഇപ്രകാരം ഒരടിയന്തിരപ്രമേയം കൊണ്ടുവരാൻ ആ മെമ്പറിനെ പ്രേരിപ്പിച്ച വസ്തുത എന്താണെന്നു പറയാനുള്ള അവകാശം ആ മെമ്പറിനു കൊടുക്കേണ്ടതല്ലേ.

MR. PRESIDENT: അതും പ്രസിഡൻറിൻറെ യുക്തംപോലെ മാത്രം ചെയ്യാവുന്നതാണു്.

മറ്റൊന്നു് മി. പി. കെ. കൃഷ്ണൻശാസ്ത്രിയുടേതാണു്.

അടിയന്തിരപ്രമേയം.

"ഈ രാജ്യത്തെ സംഘടിതരായ തൊഴിലാളികളുടേയും തൊഴിൽനടത്തുന്ന മുതലാളിമാരുടേയും രക്ഷയെക്കരുതി ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കുന്ന ഈ അവസരത്തിൽ തൊഴിലാളികളിൽ ഒരു ശതമാനം വരുന്ന അസംഘടിതരായ കർഷക തൊഴിലാളികളുടെ (കൂലി വേലക്കാരുടെ) താല്പര്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാകയാൽ അതേപ്പറ്റി ചർച്ച ചെയ്യുന്നതിനു സഭാനടപടികൾ നിറുത്തിവയ്ക്കുണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു."

തൊഴിലാളികളെ ബന്ധിക്കുന്ന നിയമങ്ങൾ പാസ്സാക്കുന്നതിനു വേണ്ട നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു്. "മിനിമം വേജസ്സ് ബിൽ" എന്നു പറയുന്ന ബില്ലിൽ കർഷക തൊഴിലാളികളുടെ കാര്യവും വന്നിട്ടുണ്ടു്. ക്രോഡീകരിച്ചു നിയമം പാസ്സാക്കുന്നതിനെ സംബന്ധിച്ചു് അടിയന്തിരപ്രമേയങ്ങൾ അയയ്ക്കാൻ പാടില്ലെന്നാണു് സാധാരണ ഒരു നിയമമുള്ളതു്. ഇൻഡ്യൻ സെൻട്രൽ അസംബ്ലിയിലെ നിയമവും ഇതുതന്നെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രണ്ടു കാരണങ്ങൾ കൊണ്ട് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം ഞാൻ നിഷേധിക്കുന്നു.

മൂന്നാമത്തെ അടിയന്തിരപ്രമേയം മി. പി കുഞ്ഞുകൃഷ്ണന്റേതാണു. പ്രമേയം ഇതാണ്:

"I beg leave to move to adjourn the business of the House for discussing a definite matter of urgent public importance namely the havoc and destruction brought to the inhabitants of the Sakthikulangara cheri in the Quilon Taluk by the terrible and devastating encroachment of sea since yesterday."

ഇതേപ്പറ്റിയുള്ള സംഗതികൾ ഈ സഭയുടെ നേതാവിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം ഒരു തീരുമാനം വിചാരിക്കുന്നു. ഇതിൽ പറയുന്ന സംഭവം നടന്നിട്ടുണ്ടോ ഇല്ലയോ എന്നതൊന്നും എനിക്ക് അറിഞ്ഞുകൂടാ.

HON'BLE MR. A. THANU PILLAI : ആ കടലാക്രമണത്തെപ്പറ്റി എനിക്ക് യാതൊരറിവുമില്ല. ഇപ്പോൾ വായിച്ചതിൽ നിന്നും ഇത് ഇന്നലെ ഉണ്ടായി എന്നാണറിയുന്നത്.

MR. PRESIDENT : 'Since yesterday' എന്നാണ് പറഞ്ഞിരിക്കുന്നത്.

HON'BLE MR. A. THANU PILLAI : പക്ഷെ, ഒരു കാര്യം ഞാൻ പറയാം. ഇങ്ങനെ ഒരു സംഭവം ഉണ്ടായി അതിൽവച്ച് ആളുകൾക്ക് വല്ല നഷ്ടങ്ങളും ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ടെന്നു കണ്ടാൽ അതിന് ഗവണ്മെന്റ് കഴിവുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്. അതിലേക്ക് ഒരടിയന്തിരപ്രമേയത്തിന്റെ ആവശ്യമില്ല.

MR. K. A. MOHAMMED : അവിടെനിന്നും വന്ന ഒരു മെമ്പർ എന്ന നിലയിൽ ഇതു പരമാർത്ഥമാണെന്ന് എനിക്കും പറയുവാൻ കഴിയും. ഈ കടലാക്രമണം സാധാരണ ഉണ്ടാകാറുണ്ട്. അതിൽവച്ച് ജനങ്ങൾക്ക് പല ഉപദ്രവങ്ങളും ഉണ്ടാകാറുണ്ട്.

HON'BLE MR. A. THANU PILLAI : അതിനെപ്പറ്റി കഴിവുള്ള നടപടികൾ ഉടനെ എടുക്കുന്നതായിരിക്കും.

MR. P. KUNJUKRISHNAN : ഇതിന്റെ ഗൗരവസ്വഭാവത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുകയും കഴിവുള്ള നടപടികൾ ഉടൻ എടുക്കുന്നതാണെന്നു പറയുകയും ചെയ്തതുകൊണ്ട് ഈ അടിയന്തിരപ്രമേയം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. GANGADHARAN NAIR (*Quilon III—General*) : കാലാവസ്ഥ അനുകൂലമായ പ്രദേശത്തു് വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നുള്ള ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്.

ANNOUNCEMENTS BY THE PRESIDENT RE: LUNCH INTERVEL.

MR. PRESIDENT : ഇനി എനിക്കു് ഒരു പ്രസ്താവന ചെയ്യുവാൻ ഉണ്ടു്. സാധാരണ ഒരു മണിവരെയാണു് സഭാനടപടികൾ നടന്നു പതിവു്. അതു കഴിഞ്ഞു് ലഞ്ചിനായി പിരിയുന്നു. എന്നാൽ ഈദു് കവള്ളിയാഴ്ചയാകകൊണ്ടു്, മുസ്ലീം മെമ്പറന്മാരെ ഉദ്ദേശിച്ചു് ഒരു മണിക്കു് സഭ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു് കൂടുന്നതും ആണു്.

ELECTIONS TO THE INDIAN CONSTITUENT ASSEMBLY

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു് ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പിനെപ്പറ്റിയാണു്.

ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കു് ന്യ അംഗങ്ങളെ തിരുവിതാംകൂറിൽനിന്നും അയയ്ക്കുന്നതിനു് അവകാശമുണ്ടെന്നു് കാൺസ്റ്റിട്ടുവൻറ് അസംബ്ലിതന്നെ പ്രഖ്യാപനം ചെയ്തിട്ടുള്ളതാണു്. കാൺസ്റ്റിട്ടുവൻറ് അസംബ്ലിയുടെ നിശ്ചയമനുസരിച്ചു് പകുതിയിൽ കുറയാതെ അംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കേണ്ടതാണെന്ന മാത്രമെ വ്യവസ്ഥയുള്ളു. എന്നാൽ മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറിൽ നിന്നും, മുഴുവൻ അംഗങ്ങളേയും ഈ സഭയിൽനിന്നും തെരഞ്ഞെടുത്തയയ്ക്കുന്നതിനു് അനുവദിച്ചിരിക്കുകയാണു്. ഈ നിലയ്ക്കു് ഈ സഭ ന്യ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പു് ആനുപാതികപ്രാതിനിധ്യതത്വമനുസരിച്ചു് കൈമാറാം ചെയ്യാവുന്ന ഒറ്റ വോട്ടുമൂലം (Proportionate representation by single transferable vote) നടത്തുന്നതായിരിക്കും. ഈ തെരഞ്ഞെടുപ്പു് അടിയിൽ വിവരിക്കുന്ന വ്യവസ്ഥകളനുസരിച്ചു നടത്തുന്നതാണു്.

(ക) ഇന്നു കഴിഞ്ഞു് രണ്ടു മണിക്കുമുൻപായി നാമനിർദ്ദേശപത്രികകൾ സഭാസെക്രട്ടറിയെ ഏൽപ്പിച്ചിരിക്കേണ്ടതാണു്. നാമനിർദ്ദേശപത്രികയിൽ നിർദ്ദേശകനായി ഒരംഗവും അനുവാദകനായി മറെറാരംഗവും ഒപ്പിട്ടിരിക്കേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly